പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3190 03/04/2013- ൽ മറുപടിക്ക്

## കന്നുകാലി സെൻസസിലെ എന്യുമറേറ്റർമാരുടെ വേതനം.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) 2012 ൽ നടന്ന കന്നുകാലി സെൻസസിലെ എന്യൂമറേറ്റർമാരുടെ വേതനം അഞ്ചു വർഷങ്ങൾക്കു മുൻപ് നിശ്ചയിച്ചതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, 2012 ൽ നടന്ന 19-ാമത് കന്നുകാലി സെൻസസിലെ എന്യൂമറേറ്റർമാരുടെ പ്രതിഫലം 2007-ൽ നടന്ന 18-ാമത് കന്നുകാലി സെൻസസിന് പാലിച്ചിരുന്ന മാനദണ്ഡങ്ങൾ പ്രകാരമായിരിക്കും ബാധകമാക്കേണ്ടത് എന്ന് കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുള്ളതിനാലാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. |
| (ബി) സെൻസസ് നടന്ന് മാസങ്ങൾ കഴിഞ്ഞിട്ടും വേതനം പൂർണ്ണമായും നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെൻസസ് പ്രവർത്തനങ്ങൾക്ക് നാളിതുവരെയും 6,42,34,000/ രൂപയാണ് ലഭിച്ചിട്ടുള്ളത്. ഈ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5,39,20,163/- രൂപാ എന്യൂമറേറ്റർമാരുടെ പ്രതിഫല ഇനത്തിൽ മാത്രം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) വേതനം പുനർനിർണ്ണയിക്കുന്നതിനും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) ഗ്രാമ പ്രദേശങ്ങളിൽ വീടൊന്നിന് നിലവിലുള്ള 7.50/- രൂപയിൽ നിന്നും 10/- രൂപ ആക്കി വർദ്ധിപ്പിക്കണമെന്നും ദുർഘട പ്രദേശങ്ങളിൽ വീടൊന്നിന് നിലവിലുള്ള 9/- രൂപയിൽ നിന്നും 12/- രൂപയാക്കി വർദ്ധിപ്പിക്കണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് എന്യൂമറേറ്റർമാരുടെ വർദ്ധിപ്പിച്ച പ്രതിഫലം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

NS